**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2211** **16-03-2022 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ കുഷ്ഠരോഗ നിർമ്മാർജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ കുഷ്ഠരോഗികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ; | (എ) | വയനാട് ജില്ലയിൽ നിലവിൽ 10കുഷ്ഠരോഗികളുണ്ട്. |
| (ബി) | ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് കുഷ്ഠരോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എണ്ണം വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട 8 പേർക്ക് കുഷ്ഠരോഗം പിടിപെട്ടു. അതിൽ 2 പേർ മരണപ്പെട്ടു. നിലവിൽ ടി വിഭാഗത്തിൽപ്പെട്ട 6 പേർ ചികിത്സയിലുണ്ട്. |
| (സി) | കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ? | (സി) | വയനാട് ജില്ലയിലും സംസ്ഥാനത്താകമാനവും കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

സുസ്ഥിര വികസന ലക്ഷ്യം 2025-ന്റെ ഭാഗമായി കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ജില്ലയിൽ വളരെ വിപുലമായി നടന്നുവരുന്ന ഒരു പദ്ധതിയാണ് ആക്ടീവ് കേസ് ഡിറ്റക്ഷൻ ആന്റ് റഗുലർ സർവ്വയലൻസ് ഫോർ ലെപ്രസി (ACD&RS) 2021-22 (അശ്വമേധം) പരിപാടി. 2 വയസ്സിനു മുകളിലുള്ള മുഴുവൻ ആളുകളെയും പരിശോധിച്ച് രോഗലക്ഷണങ്ങൾ ഉള്ളവരെ കണ്ടെത്തി ചികിത്സ നൽകുന്നു. അതിനായി പരിശീലനം ലഭിച്ച ആശമാർ, വോളണ്ടിയർമാർ എന്നിവർ വീട്ടുവീടാന്തരം കയറി വ്യക്തികളുടെ ശാരീരിക പരിശോധന നടത്തുകയും രോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. പരിപാടിയുടെ ഭാഗമായി വോളണ്ടിയർമാർ, ആശാ പ്രവർത്തകർ, ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി. പരിപാടിയുടെ ഭാഗമായി കുഷ്ഠരോഗം സംശയിക്കുന്നവരെ ത്വക്ക്.രോഗ വിദഗ്ധർ പരിശോധിച്ച് രോഗനിർണ്ണയം നടത്തി ചികിത്സയ്ക്ക് വിധേയമാക്കുന്നു. ഈ പരിപാടിയിൽ 2021-2022 ൽ ഇതുവരെ 5 രോഗികളെ കണ്ടെത്തി ചികിത്സ നൽകിയിട്ടുണ്ട്. ഇതിൽ നാലുപേർ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഉള്ളവരാണ്.

**ജില്ലയിൽ കുഷ്ഠരോഗ ചികിത്സ എടുക്കുന്ന രോഗികൾ**

പ്രധാനമായും പൊരുന്നന്നൂർ ബ്ലോക്കിൽ 4 രോഗികളും പനമരം ബ്ലോക്കിൽ ഒരു രോഗിയും മീനങ്ങാടി ബ്ലോക്കിൽ 4 രോഗികളും മേപ്പാടി ബ്ലോക്കിൽ ഒരു രോഗിയും ഉണ്ട്.

**സാമ്പത്തിക സഹായം**

ചികിത്സയിൽ ഇരിക്കുന്ന രോഗികൾക്ക് പ്രതിമാസം 1000/- രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. നവംബർ 2021 വരെ 39,000/- രൂപ അനുവദിച്ചിട്ടുണ്ട്. 2022 മാർച്ച് വരെ 59,000/- രൂപ ഈ ഇനത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ബോധവൽക്കരണ പരിപാടികൾ

കുഷ്ഠരോഗത്തിനെതിരെ ജില്ലയിലെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി 61 ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ 26 സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തുകയുണ്ടായി. അതിഥി തൊഴിലാളികൾക്കായി 5 മൈഗ്രന്റ് സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തി. പ്രത്യേകം തയ്യാറാക്കിയ LED Vehicle ഉപയോഗിച്ച് ജില്ലയിലുടനീളം slide show നടത്തുകയുണ്ടായി. ഇതിന്റെ ജില്ലാതല ഉദ്ഘാടനം 07-02-2022 ന് ബഹു. ജില്ലാ കളക്ടർ നിർവ്വഹിച്ചു. ഗോത്രഭാഷയിൽ തയ്യാറാക്കിയ ഓഡിയോ മെസ്സേജ് വ്യാപകമായി വാട്സ്ആപ്പ് പോലുള്ള സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുകയുണ്ടായി. പ്രത്യേകം തയ്യാറാക്കിയ പോസ്റ്റർ പ്രകാശനം ജനുവരി 31 ന് ബഹു. ജില്ലാ കളക്ടർ നിർവ്വഹിച്ചു. ഇത്തരം പോസ്റ്ററുകൾ ജില്ലയിലെ മുഴുവൻ ആശുപത്രികൾ, സബ് സെന്ററുകൾ, സർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ, അങ്കണവാടികൾ, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ പതിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്ക്രീനിംഗ് ക്യാമ്പുകൾ

ജില്ലയിലെ ട്രൈബൽ കോളനികളിൽ 25 സ്ക്രീനിംഗ് ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിക്കുകയുണ്ടായി. പ്ലാന്റേഷൻ വർക്കേഴ്സിനായി സ്ക്രീനിംഗ് ക്യാമ്പും ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിക്കുകയുണ്ടായി.

## പരിശീലന പരിപാടി

അശ്വമേധം 2022 പരിപാടിയുടെ ഭാഗമായി ജില്ലയിലെ മുഴുവൻ ഫീൽഡ് വിഭാഗം ആരോഗ്യ പ്രവർത്തകർക്കും 850 ആശമാർക്കും ഓൺലൈൻ ആയി പരിശീലനം നൽകി. കൂടാതെ ജില്ലയിലെ മുഴുവൻ HAMLET ASHA-മാർക്കും ലെപ്രസി പരിശീലനം നൽകി. ജില്ലയിലെ എഴുപതോളം ഡോക്ടർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ELSA

Elimination of Leprosy through Self Awareness പരിപാടി ജില്ലയിൽ നടന്നുവരുന്നു. നിലവിൽ ഇങ്ങനെ രോഗികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## MCR Chappal & Self Care Kit വിതരണം

അംഗവൈകല്യമുള്ള രോഗികൾക്ക് MCR Chappal-ഉം രോഗികൾക്ക് സ്വയം പരിചരണത്തിന് സഹായകമാകുന്ന Self Care Kit-കളും 8 പേർക്ക് വിതരണം ചെയ്തു.

## Re-constructive Surgery

ഗ്രേഡ്-2 അംഗവൈകല്യമുള്ള വ്യക്തികൾക്ക് Re-constructive Surgery ചെയ്യുന്നതിന് ആവശ്യമായ സഹായങ്ങൾ ജില്ലാ ലെപ്രസി യൂണിറ്റിൽ നിന്നും നൽകുന്നുണ്ട്.

## ട്രൈബൽ ക്യാമ്പ് & മൈഗ്രന്റ് ക്യാമ്പ്

2021-22 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ട് ഉപയോഗിച്ച് 5 ട്രൈബൽ മെഡിക്കൽ ക്യാമ്പും 10 സ്ക്രീനിംഗ് ക്യാമ്പും നടത്തിയിട്ടുണ്ട്. കൂടാതെ അതിഥി തൊഴിലാളികൾക്കായുള്ള 5 സ്ക്രീനിംഗ് ക്യാമ്പുകളും നടത്തി.

Sparsh ലെപ്രസി അവെയർനസ്സ് ക്യാമ്പയിന്റെ ഭാഗമായി ജനുവരി 30 മുതൽ ഫെബ്രുവരി 12 വരെ ജില്ലയിൽ വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. പോസ്റ്റർ പ്രദർശനം, എൽ.ഇ.ഡി. വാഹന പ്രചരണ പരിപാടി എന്നിവ ജില്ലയിൽ വ്യാപകമായി സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ഇതോടനുബന്ധിച്ച് വിവിധ പ്രദേശങ്ങളിൽ സ്ക്രീനിംഗ് ക്യാമ്പുകളും സംഘടിപ്പിച്ചു.

## ഫണ്ട് വിനിയോഗം

ജില്ലക്കനുവദിച്ച പ്ലാൻ ഫണ്ട് 48,500/- രൂപ മുഴുവനായും (100%) വിനിയോഗിച്ചു. രോഗികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി അനുവദിച്ച നോൺ പ്ലാൻ ഫണ്ട് 1,50,000/- രൂപയിൽ നിന്ന് 39,000/- രൂപ വിതരണം ചെയ്തു. 59,000/- രൂപ കൂടി മാർച്ച് മാസത്തോടെ വിതരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ച് വരുന്നു. NHM-PIP-ROP 2021-22 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച തുകയിൽ പരിശീലനം, ബോധവൽക്കരണം എന്നിവയ്ക്കായി അനുവദിച്ച തുക Expenditure ആയി കഴിഞ്ഞു. അശ്വമേധം സർവേയുടെ ഭാഗമായി വോളണ്ടിയർമാർക്ക് 17 ലക്ഷവും സൂപ്പർവൈസർമാർക്ക് 1,70,000/- രൂപയും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## സംസ്ഥാനത്ത് ആകമാനം നടത്തപ്പെടുന്ന കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ലഘുവിവരം

1 **സമ്പൂർണ്ണ കുഷ്ഠരോഗ നിർമ്മാർജ്ജന സർവ്വേ - ആക്റ്റീവ് കേസ് ഡിറ്റക്ഷൻ ആന്റ് റെഗുലർ സർവൈലൻസ് ഫോർ ലെപ്രസി (ACD&RS) അശ്വമേധം 4.0**

സംസ്ഥാനത്ത് ഒരു ആശ പ്രവർത്തകയുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശം അഥവാ 1000 ജനസംഖ്യ ഉൾപ്പെടുന്ന പ്രദേശത്ത് ഒരു അടിസ്ഥാന യൂണിറ്റായി പുരുഷ – വനിത വോളന്റിയർമാർ ഓരോ വ്യക്തികളേയും നേരിട്ട് കണ്ട് കുഷ്ഠരോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതോടോപ്പം ദേഹപരിശോധന നടത്തി കുഷ്ഠരോഗത്തിനോട് സമാനതയുള്ള ലക്ഷണങ്ങൾ ഉള്ളവരെ റഫർ ചെയ്യുകയും ചെയ്യുന്നു. തുടർന്ന്, മെഡിക്കൽ ഓഫീസർമാർ, ത്വക്ക് രോഗവിദഗ്ദ്ധർ എന്നിവർ ഇവരെ പരിശോധിക്കുകയും കുഷ്ഠരോഗം സ്ഥിരീകരിക്കുന്നവർക്ക് സൗജന്യമായി ചികിൽസ നൽകിവരികയും ചെയ്യുന്നു. സംസ്ഥാനത്ത് ഇപ്രകാരം 2020-2021 ൽ 81 രോഗികളേയും 2021-2022 ൽ 176 രോഗികളേയും കണ്ടെത്തി ചികിൽസ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

2 **സ്പർശ് ലെപ്രസി അവയർനസ് ക്യാംപെയ്ൻ**

കുഷ്ഠരോഗത്തെക്കുറിച്ചുള്ള വസ്തുതകൾ സമൂഹത്തിൽ എത്തിക്കുന്നതിനും കുഷ്ഠരോഗത്തോടുള്ള സാമൂഹ്യ അവജ്ഞ കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ ഗാന്ധിജിയുടെ രക്തസാക്ഷി ദിനമായ ജനുവരി 30 മുതൽ രണ്ടാഴ്ച്ചക്കാലം സംസ്ഥാന തലത്തിലും ജില്ലാതലത്തിലും എല്ലാ സ്ഥാപനങ്ങളിലും ദേശീയ കുഷ്ഠരോഗ ദ്വൈവാരാചരണം നടത്തിവരുന്നു. ജില്ലാതല സ്ഥാപനതല ഉദ്ഘാടനം സംഘടിപ്പിക്കുകയും അതോടനുബന്ധിച്ച് കുഷ്ഠരോഗ നിർമ്മാർജ്ജന പ്രതിജ്ഞ, കുഷ്ഠരോഗത്തെപ്പറ്റിയുള്ള ചോദ്യോത്തര പരിപാടികൾ, ഫിലിം പ്രദർശനങ്ങൾ എന്നീ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

3 **ഇറാഡിക്കേഷൻ ഓഫ് ലെപ്രസി ത്രൂ സെൽഫ് റിപ്പോർട്ടിംഗ് ആന്റ് അവയർനസ് (ELSA)**

COVID 19 ന്റെ പശ്ചാത്തലത്തിൽ കുഷ്ഠരോഗ നിർണ്ണയത്തിന് നേരിട്ട പരിമിതികൾ മറികടക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് ELSA. നിരന്തര ബോധവൽക്കരണത്തിലൂടെ കുഷ്ഠരോഗത്തിന് സമാനമായ ലക്ഷണങ്ങൾ ഉള്ളവരെ രോഗനിർണ്ണയത്തിനും ചികിൽസയ്ക്കും എത്തുന്നതിന് പ്രേരിപ്പിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇ-സഞ്ജീവനി മുഖേന നടപ്പാക്കിയ ടി പദ്ധതി പ്രകാരം പൊതുജനങ്ങൾ ത്വക്ക്.രോഗവിദഗ്ദരെ സമീപിച്ചതിലൂടെ 2020-2021 ൽ 7 പേർക്ക് കുഷ്ഠരോഗം നിർണ്ണയിക്കുവാൻ കഴിഞ്ഞു.

4 **പാർശ്വവൽക്കരിക്കപ്പെടുന്ന ജനങ്ങളുടെ (ട്രൈബൽ, അന്യ സംസ്ഥാന തൊഴിലാളികൾ, നഗരചേരി പ്രദേശങ്ങൾ, കടലോര പ്രദേശങ്ങൾ) ഇടയിൽ നടത്തുന്ന പ്രത്യേക രോഗനിർണ്ണയ പരിപാടികൾ**

നിലവിൽ കുഷ്ഠരോഗനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്ന പരിപാടികൾ എല്ലാം തന്നെ ട്രൈബൽ, അന്യസംസ്ഥാന തൊഴിലാളികൾ, നഗരചേരി പ്രദേശങ്ങൾ, കടലോര പ്രദേശങ്ങൾ എന്നിവിടങ്ങളിലും നടത്തിവരുന്നു. ഇത് കൂടാതെ ഈ പ്രദേശങ്ങളിൽ പ്രത്യേകിച്ച് അന്യസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ ബോധവൽക്കരണവും സ്ക്രീനിംങ്ങും ക്യാമ്പുകളും നടത്തിവരുന്നു.

5 **DPMR (Disability Prevention and Medical Rehabilitation) - അംഗവൈകല്യം തടയുന്നതിനും പുനരധിവാസത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ**

കുഷ്ഠരോഗംമൂലം വൈകല്യം ബാധിച്ച രോഗികൾക്ക് വിവിധ ഔഷധ ചികിൽസ (MDT) പൂർത്തിയാക്കിയശേഷവും നിലനിൽക്കുന്ന വൈകല്യം പരിഹരിക്കാനായി റീകൺസ്ട്രക്റ്റീവ് സർജ്ജറി (ആർ.സി.എസ്) സൗജന്യമായി നടത്തുന്നു. ഇപ്രകാരം സർജ്ജറിക്കു വിധേയമാവുന്നവർക്ക് സർജ്ജറി കാലയളവിൽ ഉള്ള വരുമാനനഷ്ടം പരിഹരിക്കാനായി 8000 രൂപ സാമ്പത്തിക സഹായം 3

ഗഡുക്കളായി നൽകുന്നു. ടി സഹായം സർജ്ജറിക്കു ശേഷം 5000 രൂപയും, തുടർന്ന് രണ്ടു ഫോളോ അപ്പ് ചികിൽസയ്ക്ക് എത്തുന്നതിന് 1500 രൂപ വീതവുമായാണ് നൽകുന്നത്. ഈ സാമ്പത്തിക സഹായം നൽകുന്നതിന് വരുമാനം ബാധകമല്ല. കൂടാതെ രോഗികൾക്ക് എം.സി.ആർ (മൈക്രോ സെല്ലുലാർ റബ്ബർ) ചെരുപ്പുകൾ, കുഷ്ഠരോഗം നിമിത്തമുള്ള മാറാത്ത വൃണങ്ങൾ സുഖപ്പെടുത്തുന്നതിനായി സെൽഫ്.കെയർ കിറ്റുകൾ എന്നിവയും സൗജന്യമായി നൽകിവരുന്നു.

**6 നിർധനരായ കുഷ്ഠരോഗികൾക്കുള്ള സാമ്പത്തിക ധനസഹായം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുഷ്ഠരോഗബാധിതർക്ക് അവരുടെ ചികിൽസാ കാലയളവിൽ സംസ്ഥാന സർക്കാർ പ്രതിമാസം 1000 രൂപ (NON PLAN FUND) വീതം സാമ്പത്തിക സഹായം നൽകിവരുന്നു. പോസീ ബാസിലറി (പകർച്ചശേഷി കുറഞ്ഞ തരം) രോഗികൾക്ക് ചികിത്സാ കാലയളവ് 6 മാസവും മൾട്ടി ബാസിലറി (പകർച്ചാശേഷി കൂടിയതരം) രോഗികൾക്ക് 12 മാസവുമാണ് ഇപ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നത്.

Section Officer